എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ

76 (228) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പി.ഡബ്ല്യൂ.ഡി. കാലാകാലം നിർണ്ണയിക്കുന്ന നിരക്കുകൾ ബോർഡിന്റെ വർക്കുകൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ സ്വീകരിക്കാറുണ്ടോ ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ പി.ഡബ്ല്യൂ.ഡി. നിർണ്ണയിച്ച റേറ്റുകളിൽ നിന്നും വ്യത്യസ്ഥമായി ബോർഡിന് സ്വന്തമായ നിരക്കും തുകയും നിർണ്ണയിക്കുന്നതിന് വേണ്ടി ബോർഡ് ഒരു ആറംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ ; ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരൊക്കെ ; ആരെല്ലാമായിരുന്നു ;

(ഡി) ഈ കമ്മിറ്റി രൂപീകരണം നയപരമായ തീരുമാനമായിരുന്നുവോ ; എങ്കിൽ ഈ കമ്മിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് വേണ്ടിയിരുന്നുവോ ;

(ഇ) എങ്കിൽ ഗവൺമെന്റ് ഉത്തരവില്ലാതെ ഈ കമ്മിറ്റി രൂപീകരിച്ചവരുടെ മേൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിലെ വർക്കുകൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് അടിസ്ഥാന മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത് പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ അണ്.

(ബി) ഉണ്ട്.

(സി) ബോർഡിൽ വരുത്തുന്ന പുന:സംഘടനയുടെ ഭാഗമായി വിവിധ പ്രോഫിറ്റ് സെന്ററുകളുടെ പ്രവർത്തനരീതിയും ചുമതലകളും ഘടനയും മറ്റും നിർദ്ദേശിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കർമ്മ സമിതികളുടെ പ്രധാന ശുപാർശകളിൽ ഒന്നായിരുന്നു ബോർഡിന് സ്വന്തമായ ഒരു 'കോസ്റ്റ് ഡാറ്റാ ബാങ്ക്' ഉണ്ടാക്കുക എന്നുള്ളത്. പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ കാലാകാലങ്ങളിൽ പുതുക്കാതെ വരുന്നതുമൂലം യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത നിരക്കുകൾ അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് വഴി ഉണ്ടാകുന്ന അവ്യക്തത ഒഴിവാക്കുന്നതിന് പി.ഡബ്ല്യൂ.ഡി ഡാറ്റായിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടിയായിരുന്നു ഈ നിർദ്ദേശങ്ങൾ. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ബോർഡിന്റെ സ്വന്തമായ കോസ്റ്റ് ഡാറ്റാ ബാങ്ക് തയ്യാറാക്കി ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് കോർപ്പറേറ്റ് പ്ലാനിംഗ് ചീഫ് എഞ്ചിനീയറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ഡി&ഇ) ഇത്തരം ഒരു കമ്മിറ്റിയെ രൂപീകരിച്ചിട്ടുള്ളത് ബോർഡാണ്. ഇതിന് സർക്കാർ അനുമതി ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

വൈദ്യുതി ബോർഡിന്റെ ഒരേ നമ്പരിലുള്ള രണ്ട് ഉത്തരവുകൾ

77 (229) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-മാണ്ട് ഫെബ്രുവരി 23 ന് ഒരേ നമ്പരിൽ രണ്ട് ഉത്തരവുകൾ സംസ്ഥാന വൈദ്യുതി ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഈ ഉത്തരവുകളുടെ ഓരോ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(ഡി) ഇതിൽ ഏതെങ്കിലും ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഇ) ഈ ഉത്തരവുകളിൽ നിലവിലുള്ളത് ഏതെന്ന് അറിയിക്കുമോ ;

(എഫ്) പ്രസ്തുത ഉത്തരവാണ് പ്രാബല്യത്തിൽ ഉള്ളതെന്ന് ചൂണ്ടിക്കാട്ടി ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസക്തമല്ല.

(സി) ഉത്തരവ് ഏതാണെന്ന് വ്യക്തമാക്കിയാൽ മേശപ്പുറത്ത് വയ്ക്കുന്നതാണ്.

(ഡി) പ്രസക്തമല്ല.

(ഇ) പ്രസക്തമല്ല.

(എഫ്) പ്രസക്തമല്ല.

വൈദ്യുതി ഉൽപാദനം

78 (230) ശ്രീ. കെ. സി. വേണുഗോപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly